**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1663** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുള്ള തസ്തികകളിലേക്കുള്ള നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** നിലമ്പൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** പോത്തുകൽ ഗ്രാമപഞ്ചായത്തിലെ രണ്ട് എൽ.ഡി. ക്ലർക്ക് തസ്തികകളിലും എടക്കര ഗ്രാമപഞ്ചായത്തിലെ രണ്ട് ഓവർസിയർ തസ്തികകളിലും വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ ജൂനിയർ ക്ലർക്ക്, ജെ.എസ്. തസ്തികകളിലും മൂത്തേടം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലും അമരമ്പലം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ തസ്തികകളിലും നിലവിലുള്ള ഒഴിവുകൾ നികത്തി അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** എൽ ഡി ക്ലർക്ക് തസ്തികയിൽ പി.എസ്.സി-യുടെ നിയമന ഉത്തരവ് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതായ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

എടക്കര ഗ്രാമപഞ്ചായത്തിൽ നിലവിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ ഒഴിവുണ്ട്. അമരമ്പലം ഗ്രാമ പഞ്ചായത്തിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ പോസ്റ്റ് ഇല്ലാത്തതാണ്. അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം വഴിയോ, പി.എസ് സി-യിൽ നിന്ന് നിയമനശിപാർശ ലഭിക്കുന്ന മുറയ്ക്കോ ഒഴിവു നികത്തുന്നതാണ്.

വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അമരമ്പലം, മൂത്തേടം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ സ്ട്രെങ്ങ്തിൽ ഉൾപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാർ നിലവിലുണ്ട് . ആയതിനാൽ പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിൽ സ്ഥലംമാറ്റം മുഖേന അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**